LIBRARY ARCHIVES Kerala Legislative Assembly

ഔട്ട്സോഴ്സിംഗ് സംബന്ധിച്ച ജോലികൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനങ്ങൾ

78 [3775] *ശ്രീ. പി. ടി. തോമസ്:*
,, *എം. എ. വാഹിദ്:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *വി. ജെ. പൗലോസ്:*
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾ ഇപ്പോൾ ഔട്ട്സോഴ്സിംഗ് സംബന്ധിച്ച ജോലികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്;

(ബി) ഇതുമുഖേന എത്രപേർക്ക് തൊഴിൽ ലഭിക്കുന്നു.

(സി) കഴിഞ്ഞ വർഷം പ്രസ്തുത ജോലി ചെയ്ത വകയിൽ സംസ്ഥാനത്തിന് എന്ത് തുകയുടെ വരവുണ്ടായി;

(ഡി) ഈ വർഷം ഇതുവരെ എന്തു തുകയുടെ വരവുണ്ടായി എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കുടുംബക്ഷേമ സഹായ പദ്ധതി

79 [3776] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളിലെ കുടുംബനാഥന്റെ മരണംമൂലം അനാഥരായവർക്ക് നൽകിവരുന്ന കുടുംബക്ഷേമ സഹായം ഇനി എത്രപേർക്ക് നൽകാനുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) മേൽതുക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

GPM. 2/256/2012—16

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെ 230947 വിധവകൾക്കും അഗതികൾക്കും പ്രതിമാസം 110 രൂപ ക്രമത്തിൽ പെൻഷൻ നൽകുന്നുണ്ട്. 2005 മാർച്ച് വരെയുള്ള പെൻഷൻ കുടിശ്ശിക തീർത്ത് എല്ലാവർക്കും നൽകുന്നതിന് ആവശ്യമായ 4481.79 ലക്ഷം രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകഴിഞ്ഞു. ഇത് 2003-2004-ലെ 629 ലക്ഷം രൂപയുടെ കുടിശ്ശിക കൂടി ചേർന്നതാണ്.

(ബി) & (സി) ലാന്റ് റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകഴിഞ്ഞു.

പി. എ. പി. കരാറും സംസ്ഥാന താല്പര്യവും

80 [3777] *ശ്രീ. ലൂഡി ലൂയിസ്:*
,, *കെ. എ. ചന്ദ്രൻ:*
,, *വർക്കല കഹാർ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എ. പി. കരാറിന്റെ കാലാവധി അവസാനിച്ചിട്ട് എത്ര കാലമായി;

(ബി) ഇതിനകം നടത്തിയ ചർച്ചകളിൽ കേരളത്തിന്റെ താല്പര്യങ്ങൾ അംഗീകരിക്കുവാൻ തമിഴ്നാട് വൈമുഖ്യം പ്രദർശിപ്പിക്കുന്ന സാഹചര്യത്തിൽ കരാർ പുതുക്കാതിരുന്നതിന്റെ പ്രയോജനം കിട്ടിയത് തമിഴ്നാടിനാണോ കേരളത്തിനാണോ എന്ന് പറയുമോ;

(സി) കരാർ പുതുക്കാത്ത സാഹചര്യത്തിൽ കേരളത്തിന് പ്രയോജനം കിട്ടാത്ത പക്ഷം ഇക്കാര്യം കോടതിയിലോ മദ്ധ്യസ്ഥരുടെ മുൻപിലോ കൊണ്ടുപോകാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) അതിനു തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കരാർ ഏകപക്ഷീയമായി വേണ്ടെന്ന് വയ്ക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly